©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2023 ഒക്ടോബർ 31<br>31st October 2023<br>1199 തുലാം 14<br>14th Thulam 1199<br>1945 കാർത്തികം 9<br>9th Karthika 1945 | നമ്പർ<br>No. | 3503 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:47/2023/സം.തി.ക തിരുവനന്തപുരം, 2023 ഒക്ടോബർ 25

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2022 ആഗസ്റ്റ് 23-ാം തീയതിയിലെ ബി2/66/2022/സം.തി.ക.(1) നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതും 2022 ആഗസ്റ്റ് 26-ാം തീയതിയിലെ 2899-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം ചുവടെ പറയുന്ന പ്രകാരം ഇതിനാൽ ഭേദഗതി ചെയ്യുന്നു, അതായത്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിൽ ക്രമ നമ്പർ 129 ഉം അതിന് എതിരെയുള്ള ഉൾക്കുറിപ്പുകളും ഒഴിവാക്കേണ്ടതാണ്.

ഈ ഭേദഗതി വിജ്ഞാപനത്തിന് 2022 ആഗസ്റ്റ് 23-ാം തീയതി മുതൽ പ്രാബല്യമുള്ളതാണ്.

**എ.ഷാജഹാൻ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്)

2020 ലെ പൊതുതിരഞ്ഞെടുപ്പിൽ ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാനാർത്ഥികളെ അയോഗ്യരാക്കിക്കൊണ്ട് കമ്മീഷൻ 23.08.2022ലെ ബി2/66/2022/സം.തി.ക.(1) നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ക്രമ നമ്പർ 129 ആയി സി.01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ 76 ബീമാപള്ളി ഈസ്റ്റ് വാർഡിൽ നിന്നും മത്സരിച്ച ശ്രീമതി. സജീന ടീച്ചറിന്റെ പേര് ഉൾപ്പെട്ടിരുന്നു. എന്നാൽ കമ്മീഷനിൽ നിന്നും നൽകിയ കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചിരുന്നില്ല എന്ന് കാണിച്ച് ടിയാൾ 29.08.2022 ൽ പരാതി സമർപ്പിക്കുകയുണ്ടായി. ഇതിന്റെയും ടിയാൾ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 24558/2023 കേസിലെ 27.07.2023 ലെ ഉത്തരവിന്റെയും വെളിച്ചത്തിൽ കമ്മീഷൻ ടിയാൾക്കു 04.08.2023 ൽ പുതുതായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിലെ സംഗതിയെപറ്റി ടിയാൾ 16.08.2023 ൽ കമ്മീഷൻ മുമ്പാകെ നിവേദനം സമർപ്പിക്കുകയും അതേ ദിവസം തന്നെ അധികാരിപ്പെടുത്തിയ ഉദ്യോഗസ്ഥനായ ജില്ലാ കളക്ടർക്ക് ചെലവ് കണക്കും നിവേദനവും സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ അയച്ചുതന്ന ചെലവ് കണക്കു പരിശോധിച്ചതിൽ നിർണയിക്കപ്പെട്ട പരിധിക്കുള്ളിലാണ് ശ്രീമതി. സജീന ടീച്ചർ തിരഞ്ഞെടുപ്പ് ചെലവ് ചെയ്തിട്ടുള്ളതെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീമതി. സജീന ടീച്ചറുടെ പേര് അയോഗ്യരാക്കപ്പെട്ടവരുടെ ഗണത്തിൽ നിന്നും ഒഴിവാക്കേണ്ടത് ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.10.31 06:47:10 +05:30